# വയനാട്ടിൽ ആദിവാസികളെ വന്ധ്യംകരിക്കുന്നു

**സി. ഡി. സുനീഷ്**

കല്പറ്റ: ആദിവാസികളെ വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാക്കരുതെന്ന് നിയമമുള്ളപ്പോൾ വയനാട്ടിൽ വ്യാപകമായി ആദിവാസി വന്ധ്യകരണശസ്ത്രക്രിയ നടത്തുന്നതായി പരാതി.

അടുത്ത കാലത്തായി പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ചൈനീസ് മോഡൽ വാസക്ടമിക്കാണ് ആദിവാസി പുരുഷന്മാർ വിധേയരാകുന്നത്. മറ്റു സമുദായങ്ങളിലെ പുരുഷന്മാർ ഇതിന് തയ്യാറാകാത്തതിനാൽ കണക്കൊപ്പിക്കാൻ വേണ്ടി ആരോഗ്യവകുപ്പിലെ ഫീൽഡ് സ്റ്റാഫ് ആദിവാസികളെ ഇതിനായി തിരഞ്ഞു പിടിക്കുകയാണ്. ആദിവാസികളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന കാട്ടുനായ്ക്ക, പണിയ വിഭാഗങ്ങളാണ് ഇതിന് കൂടുതൽ വിധേയരാകുന്നത്.



മുമ്പ് വാസക്ടമിക്ക് ഞരമ്പ് മുറിക്കുമായിരുന്നു. ഇപ്പോൾ ബീജവാഹിനിക്കുഴൽ മാത്രമേ മുറിക്കുന്നുള്ളൂ. ഇതിനാൽ ശസ്ത്രക്രിയക്ക് പിറ്റേന്ന് മുതൽ തന്നെ കൂലിപ്പണിക്ക് പോകാൻ കഴിയും. അതുകൊണ്ടു തന്നെ ആദിവാസി പുരുഷന്മാർ കൂടുതലായി ഇതിന് തയ്യാറാകുന്നു.

ആദിവാസികളുടെ വംശനാശം ഒഴിവാക്കാൻ ഇവരെ വാസക്ടമിയിൽ നിന്ന് ഒഴിവാക്കണമെന്ന് നിയമമുണ്ടായിട്ടും ആരോഗ്യവകുപ്പ് ഇതുമായി മുന്നോട്ട് പോകുന്നതിനെതിരെ പ്രതിഷേധമുയർന്നിട്ടുണ്ട്. സുൽത്താൻ ബത്തേരിയിലെ വാസക്ടമി ക്യാമ്പിനു ശേഷം ജില്ലയിലെ മറ്റിടങ്ങളിലേക്ക് ക്യാമ്പുകൾ വ്യാപിപ്പിക്കുവാനുള്ള ശ്രമത്തിലാണ് ആരോഗ്യവകുപ്പ് അധികൃതർ.